# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org

തീയതി :03.09.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2022 23 മുതൽ അഞ്ചു വർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് മുന്നോടിയായിട്ടുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള വൈദ്യുതി താരിഫ് റഗുലേഷൻ 2021ന്റെ കരട് കമ്മീഷന്റെ വെബ്സൈറ്റായ www.erckerala.org യിൽ പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി റഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സ്ട്രാറ്റജിക്ക് ബിസിനസ്സ് യൂണിറ്റ് (ഉൽപ്പാദനം), സ്ട്രാറ്റജിക്ക് ബിസിനസ്സ് യൂണിറ്റ് (പ്രസരണം), സ്ട്രാറ്റജിക്ക് ബിസിനസ്സ് യൂണിറ്റ് (വിതരണം), സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ, ഇപ്പോൾ നിലവിലുള്ള മറ്റ് 9 വൈദ്യുതി വിതരണ ലൈസൻസികളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുവേണ്ടിയാണ്. പ്രസ്തുത കരട് റഗുലേഷൻ പ്രകാരം ഉൽപ്പാദന, പ്രസരണ, വിതരണ ഏജൻസികളുടെ അടുത്ത അഞ്ചുവർഷത്തേക്കുള്ള പ്രവർത്തന മാനദണ്ഡങ്ങളും ചെലവുകൾ ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിനാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡും മറ്റു നിലവിലുള്ള 9 വിതരണലൈസൻസികളും ദീർഘകാല ആസൂത്രണം നടത്തുമെന്നും, പ്രവർത്തന മേഖലയിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ അടങ്ങുന്നതാണ് പ്രസ്തുത കരട് റഗുലേഷൻ.

ടി റഗുലേഷൻ പ്രകാരം കേരള സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കളുടെയും അടുത്ത അഞ്ചു വർഷകാലയളവിലേക്കുള്ള വൈദ്യുതി നിരക്കുകൾ മുൻകൂട്ടി തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതാണ്. ഇതുവഴി ഉപഭോക്താക്കൾക്ക് അവരുടെ ഉപഭോഗക്രമം ചിട്ടപ്പെടുത്തുന്നതിനും ഉൽപ്പാദന, പ്രസരണ, വിതരണ ഏജൻസികൾക്ക് ദീർഘകാല പ്രവർത്തനം ക്രമീകരിക്കുന്നതിനും സാധിക്കും.

നിലവിലുള്ള ലൈസൻസികളുടെ പ്രവർത്തനം ക്രമാനുഗതമായി മെച്ചപ്പെടുത്തി വൈദ്യുതിക്ക് ന്യായമായ നിരക്കുകൾ നിശ്ചയിക്കുന്നതിനാവശ്യമായ രൂപരേഖ പ്രസ്തുത റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാര്യക്ഷമമായ പ്രവർത്തനം നടപ്പാക്കുന്നതുവഴി ഉണ്ടാകുന്ന മെച്ചം സംസ്ഥാനത്തെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനും ടി റഗുലേഷൻ വിഭാവനം ചെയ്യുന്നു.

പൊതുജനങ്ങളുടെയും മറ്റുബന്ധപ്പെട്ടവരുടെയും അറിവിലേക്കായി പ്രസിദ്ധീകരിച്ച കരടു റഗുലേഷന്മേലുള്ള പൊതു തെളിവെടുപ്പ് കോവിഡ് മഹാമാരിയുടെ തീവ്രത കണക്കിലെടുത്ത്, 15.09.2021ൽ എറണാകുളത്ത് നേരിട്ട് നടത്തുവാൻ ഉദ്ദേശിച്ചിരുന്ന പൊതു തെളുവെടുപ്പ് 15.09.2021ന് രാവിലെ 10:30ന് വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യം ഉള്ളവർ 14.09.2021ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരും, (താങ്കളുടെ സ്ഥാപനം / സംഘടന / ഉപഭോക്താവ്) ഇ-മെയിൽ അഡ്രസ്സും, ഫോൺ നമ്പർ സഹിതം കമ്മീഷന്റെ സെക്രട്ടറിയെ ഇ-മെയിൽ (kserc@erckerala.org) മുഖാന്തിരം അറിയിക്കേണ്ടതാണ്. പൊതുതെളിവെടുപ്പിൽ പങ്കെടുക്കുന്ന ലൈസൻസികളുടെ പ്രതിനിധികളും, മറ്റു സംഘടനാപ്രതിനിധികളും അവരുടെ അഭിപ്രായങ്ങൾ പരമാവധി 20 മിനിറ്റ് സമയപരിധിക്കുള്ളിൽ കമ്മീഷൻ മുൻപാകെ അവതരിപ്പിക്കേണ്ടതാണ്. പൊതുജനങ്ങളും മറ്റു തത്പരകക്ഷികളും അവരുടെ അഭിപ്രായങ്ങൾ പരമാവധി അഞ്ച് മിനിറ്റിനുള്ളിലും കമ്മീഷൻ മുൻപാകെ അവതരിപ്പിക്കേണ്ടതാണ്. കമ്മീഷൻ മുൻപാകെ അവതരിപ്പിക്കുന്ന അഭിപ്രായങ്ങൾ ടി റഗുലേഷനുമായി ബന്ധപ്പെട്ടവ മാത്രമായിരിക്കണം. ടി പൊതുതെളിവെടുപ്പിൽ പങ്കെടുക്കുന്നവരുടെ മുൻഗണനാക്രമം കമ്മീഷൻ അറിയിക്കുന്നതായിരിക്കും.

കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന ലഭിക്കുന്ന അഭിപ്രായങ്ങൾ, സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 20.09.2021, 5:00 PM വരെ സ്വീകരിക്കുന്നതാണ്.

**സെക്രട്ടറി-ഇൻ-ചാർജ്ജ്**

F:\CONSULTANT ENGG\AUG 2021\PRESS RELEASE - TARIFF REGLN -P.H ON 01.09.2021 DT 25.08.2021.docx